**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3352** — **19.10.2016-ൽ മറുപടിയ്ക്ക്**

## അക്കാഡമികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ വി.ഡി.സതീശൻ
ശ്രീ ഹൈബി ഈഡൻ
ശ്രീ എ.പി.അനിൽകുമാർ
ശ്രീ അടൂർ പ്രകാശ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള അക്കാഡമികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അക്കാഡമികളുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിവരിക്കുമോ;

(എ) യും (ബി) യും

സാംസ്കാരിക വകുപ്പിനു കീഴിലുള്ള കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ, കൊങ്കിണി സാഹിത്യ അക്കാദമി, എറണാകുളം, മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, തുളു അക്കാദമി, കാസർഗോഡ് എന്നിവ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ച് രൂപീകരിക്കപ്പെടുന്ന കമ്മിറ്റികൾ മുഖാന്തിരമാണ് പ്രവർത്തിക്കുന്നത്. ടി അക്കാദമികളുടെ സുഗമമായ പ്രവർത്തനത്തിനായി പദ്ധതി/പദ്ധതിയേതര ഇന ത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി അനുവദിച്ചു വരുന്നു. അതത് സ്ഥാപനങ്ങളുടെ ഭരണ സമിതികൾ കർമ്മപരിപാടികൾ ആവിഷ്കരിച്ചു വരുന്നു.

(സി) അക്കാഡമികളുടെ അടങ്കൽ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഓരോ അക്കാദമികളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തി ഓരോ വർഷത്തെ ബഡ്ജറ്റിലും അക്കാദമികളുടെ പദ്ധതി/ പദ്ധതിയിതര വിഹിതം കാലികമായി വർദ്ധിപ്പിച്ചു നൽകി വരുന്നുണ്ട്. സാഹിത്യ അക്കാഡമി, സംഗീത നാടക അക്കാഡമി, ലളിതകലാ അക്കാഡമി, ഫോക് ലോർ അക്കാഡമി എന്നിവയ്ക്ക് വകയിരുത്തിയിരുന്ന തുക 50% വർദ്ധനവ് നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ